ഈ വിഭാഗത്തിൽപ്പെടുന്ന ആളുകൾ പരമ്പരാഗത തൊഴിൽ ചെയ്തു ജീവിക്കുന്നവരാണ് എന്ന കാര്യത്തിൽ എനിക്കോ ഈ സഭയിലിരിക്കുന്ന ആർക്കെങ്കിലുമോ അഭിപ്രായ വ്യത്യാസമില്ല. ഈ സഭയിലെ മുഴുവൻ ആളുകളും നമ്മളിരിക്കുന്ന ഈ മഹത്തായ കെട്ടിടമുൾപ്പെടെ നിർമ്മിച്ച ആ തൊഴിൽവർഗ്ഗത്തെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിക്കണമെന്ന് 2002 മാർച്ചിൽ ഒരു കാളിംഗ് അറ്റൻഷൻ വഴി സഭയിൽ കൊണ്ടുവന്നു. അന്ന് ഗവൺമെന്റ് അത് പരിഗണിക്കാമെന്ന് ഉറപ്പുതന്നതാണ്. പക്ഷെ, കഴിഞ്ഞ ഒരു വർഷം അതിന്റെ പിന്നിൽ നിന്നിട്ട് കേരളത്തിലെ സാമൂഹ്യ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ എന്നും പിന്തള്ളപ്പെടുന്ന ഈ ജനവിഭാഗത്തിന്റെ കാര്യം ശ്രദ്ധിക്കാൻ ആർക്കും കഴിയാത്ത അവസ്ഥ ഉണ്ടായിരിക്കുന്നു. അതുകൊണ്ട് കേരളത്തിന്റെ മുഖ്യമന്ത്രിയെങ്കിലും മുൻകൈയെടുത്ത് ഇവരുടെ ഈ പ്രശ്നം പരിഹരിച്ച് അവരെ പരമ്പരാഗത തൊഴിൽസമൂഹമായി അംഗീകരിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്ന് സഭയുടെ മുമ്പാകെ അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഇത് വളരെ അനുഭാവപൂർവ്വം പരിഗണിക്കാനുള്ള കാര്യമാണ്. ഇതിന് ചില നടപടിക്രമങ്ങളുണ്ട്. ഗവൺമെന്റ് അത് സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിൽസമൂഹമായി ഒരു സമൂഹത്തെ പ്രഖ്യാപിക്കുന്ന സംവിധാനം സത്യത്തിൽ നിലവിലില്ല. ക്രീമിലെയർ വന്നതിനുശേഷം ഇങ്ങനെ ചില സമൂഹങ്ങൾക്ക് സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇപ്രകാരം അംഗീകരിക്കുന്നതിനുള്ള ശ്രമമാരംഭിച്ചിട്ടുണ്ട്. ഇത് തൊഴിൽ വകുപ്പിന്റെ കീഴിൽ വരുന്നതല്ല. പിന്നോക്ക വിഭാഗ വകുപ്പാണ് ഇത് കൈകാര്യം ചെയ്യുന്നത്. പക്ഷെ, ഇത് ഗവൺമെന്റ് സജീവമായി പരിശോധിച്ചുവരികയാണ്. നിയമപരമായ എല്ലാ വശങ്ങളും പരിശോധിച്ചശേഷം ഗവൺമെന്റ് ഇതിൽ അതിവേഗം നടപടി സ്വീകരിക്കുന്നതാണ്.

IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ട് പരിഗണന

1. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 21-ാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 21-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡി. സ്പീക്കർ റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly